## വയോജന ഹെൽപ്പ് ലൈൻ 14567

മുതിർന്ന പൗരന്മാരുടെ ക്ഷേമവും സംരക്ഷണവും ലക്ഷ്യമാക്കി കേന്ദ്ര സർക്കാരിൻറെ ധനസഹായത്തോടെ എൽഡർലൈൻ എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. സാമൂഹ്യനീതി വകുപ്പ് നേരിട്ടാണ് നമ്മുടെ സംസ്ഥാനത്ത് എൽഡർലൈൻ പദ്ധതി നടത്തുന്നത്. മുതിർന്ന പൗരന്മാർക്ക് അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവ നേടിയെടുക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും കോവിഡ് കാലഘട്ടത്തിൽ അനുഭവിക്കുന്ന പ്രതിസന്ധികൾക്ക് പരിഹാരം കണ്ടെത്തുന്നതിനും **14567** എന്ന ടോൾഫ്രീ നമ്പറിൽ എൽഡർലൈൻ പദ്ധതി പ്രവർത്തിച്ചു വരുന്നു.

പദ്ധതിയിലൂടെ ലഭ്യമാകുന്ന സേവനങ്ങൾ

- സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ വയോജനങ്ങൾക്കുവേണ്ടി ലഭ്യമാക്കുന്ന സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ, അതുമായി ബന്ധപ്പെട്ടിട്ടുള്ള പരാതികൾ, പെൻഷൻ, സർക്കാർ സന്നദ്ധ സ്ഥാപനങ്ങൾ നടത്തുന്ന വൃദ്ധ സദനങ്ങൾ, വയോജന സംരക്ഷണ കേന്ദ്രങ്ങൾ എന്നിവയെ സംബന്ധിച്ചുള്ള വിവരങ്ങൾ.
- മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടേയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം 2007മായി ബന്ധപ്പെട്ട സഹായങ്ങൾ, മറ്റ് നിയമസഹായങ്ങൾ, മുതിർന്ന പൗരന്മാർക്ക് നേരെയുള്ള അതിക്രമങ്ങൾക്കെതിരെ ആവശ്യമായ ഇടപെടലുകൾ.
- വയോജനങ്ങൾ നേരിടുന്ന മാനസിക പ്രയാസങ്ങൾക്കും കോവിഡാനന്തര മാനസിക സംഘർഷങ്ങൾക്കുമുള്ള പിന്തുണ.
- അഗതികളായ വയോജനങ്ങളുടെ പുനരധിവാസം, മാനസികവും ശാരീരികവുമായ ചൂഷണം നേരിടുന്ന പ്രായമായവർക്കുള്ള സഹായങ്ങൾ.

**കേരള സർക്കാർ**
**സാമൂഹ്യനീതി വകുപ്പ്**

## വയോരക്ഷ പദ്ധതി

സംരക്ഷിക്കാൻ ആരും ഇല്ലാത്തവരും അതിക്രമങ്ങൾക്ക് ഇരയായവരും വഴിയിൽ ഉപേക്ഷിക്കപ്പെട്ടവരുമായ മുതിർന്ന പൗരന്മാർക്ക് അടിയന്തിര സാഹചര്യങ്ങളിൽ സംരക്ഷണം, ചികിത്സ, താമസ സൗകര്യം, എന്നിവ ലഭ്യമാക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതി. മേൽ പറഞ്ഞ പദ്ധതി വഴി സഹായങ്ങൾ ആവശ്യമുള്ളവർ ജില്ല സാമൂഹ്യനീത ഓഫീസിലോ, **14567** എന്ന എൽഡർലൈൻ ടോൾ ഫ്രീ നമ്പറിലോ ബന്ധപ്പെടേണ്ടതാണ്.

## സർക്കാർ വൃദ്ധ സദനങ്ങൾ

60 വയസ്സ് കഴിഞ്ഞ ആരും സംരക്ഷിക്കാനില്ലാത്തതോ നിരാശ്രയരോ ആയ മുതിർന്ന പൗരന്മാരുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ലക്ഷ്യമാക്കി കേരളത്തിൽ 14 ജില്ലകളിലായി 16 സർക്കാർ വൃദ്ധ സദനങ്ങൾ പ്രവർത്തിച്ചു വരുന്നു.

### ബന്ധപ്പെടുക


Phone: 0471-2306040
Email: swdkerala@gmail.com
Web: sjd.kerala.gov.in

facebook.com/sjd.suneethi

youtube.com/c/SocialJusticeKerala

SOCIAL JUSTICE DEPARTMENT
care, protection & empowerment

**സാമൂഹ്യനീതി ഡയറക്ടറേറ്റ്**
വികാസ് ഭവൻ,
തിരുവനന്തപുരം,
ഫോൺ: 0471 2306040




# സാമൂഹ്യനീതി വകുപ്പ്

## മുതിർന്ന പൗരന്മാരോടുള്ള അതിക്രമങ്ങൾക്കെതിരെയുള്ള ബോധവൽക്കരണ ദിനം

**ജൂൺ 15**

## മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം 2007

മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം കേരളത്തിൽ നിലവിൽ വന്നത് 2008 ലും അനുബന്ധ ചട്ടങ്ങൾ നിലവിൽ വന്നത് 2009 ലുമാണ്. വയോജന സംരക്ഷണ നിയമം നടപ്പാക്കുന്നതിന് മെയിൻറനൻസ് ട്രൈബ്യൂണലുകളായി ചുമതലപ്പെടുത്തിയിട്ടുള്ളത് (RDO) റവന്യൂ ഡിവിഷണൽ ഓഫീസർമാരെയാണ്. വയോജനങ്ങളുമായി ബന്ധപ്പെട്ട മെയിൻറനൻസ് കേസുകൾ, ബന്ധപ്പെട്ട സ്വത്ത് തർക്കങ്ങൾ, മറ്റ് പരാതികൾ തുടങ്ങിയവയുടെ വർദ്ധനവ് മൂലം കേരളത്തിലുടനീളം ട്രൈബ്യൂണലുകളിൽ തീർപ്പാക്കാതെ കിടക്കുന്ന കേസുകളുടെ എണ്ണം വലിയ തോതിൽ വർദ്ധിച്ചിരുന്ന സാഹചര്യത്തിൽ മെയിന്റനൻസ് ട്രൈബ്യൂണലുകളിലെ കേസ് നടത്തിപ്പിന് RDO മാരെ സഹായിക്കുന്നതിനായി ട്രൈബ്യൂണലുകളിൽ ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിക്കുന്ന പദ്ധതി സാമൂഹ്യനീതി വകുപ്പ് ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്യുന്നുണ്ട്. ഇത്തരത്തിൽ 27 ട്രൈബ്യൂണലുകളിലായി 27 ടെക്നിക്കൽ അസിസ്റ്റന്റുമാരെയും അവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് ഒരു സ്റ്റേറ്റ് കോ-ഓർഡിനേറ്ററുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

### എന്താണ് മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടേയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമം ?

- മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടേയും ക്ഷേമത്തിനും സംരക്ഷണത്തിനും ഇന്ത്യൻ ഭരണഘടന ഉറപ്പ് നൽകിയിട്ടുള്ളതുമായ കാര്യങ്ങൾ നടപ്പിൽ വരുത്തുന്നതിന് വേണ്ടിയാണ് 2007-ൽ ഈ നിയമം നിലവിൽ വന്നത്.
- തന്റെ സ്വന്തം സമ്പാദ്യം കൊണ്ടോ ഉടമസ്ഥതയിലുള്ള സ്വത്തുകൊണ്ടോ സ്വയം സംരക്ഷിക്കാൻ കഴിയാതെ വരുന്ന മാതാപിതാക്കൾക്കും മുതിർന്ന പൗരന്മാർക്കും ഈ നിയമത്തിന്റെ ഗുണം ലഭ്യമാകും.

### ആർക്കെല്ലാമാണ് ഈ നിയമത്തിന്റെ പ്രയോജനം ലഭിക്കുക ?

- മാതാപിതാക്കൾക്കും മുതിർന്ന പൗരന്മാർക്കും ഈ നിയമപ്രകാരം മക്കളിൽ നിന്നോ ബന്ധുക്കളിൽ നിന്നോ പേരക്കുട്ടികളിൽ നിന്നോ ജീവനാംശത്തിനും സംരക്ഷണത്തിനും അവകാശപ്പെടാം.
- യഥാർത്ഥ മാതാപിതാക്കൾ, ദത്തെടുക്കലിലൂടെയുള്ള മാതാപിതാക്കൾ, രണ്ടാനച്ഛൻ, രണ്ടാനമ്മ എന്നിവർക്ക് ഈ നിയമത്തിൻറെ പ്രയോജനം ലഭിക്കും.

### നിയമ പ്രകാരം അപേക്ഷകർക്ക് എങ്ങനെ പ്രയോജനം ലഭിക്കും ?

- സ്വയം വരുമാനം കണ്ടെത്താനാകാത്ത മാതാപിതാക്കൾക്കും മുതിർന്ന പൗരന്മാർക്കും ഈ നിയമ പ്രകാരം അപേക്ഷ നൽകാം.
- ഇതിനായി പ്രത്യേകം സ്ഥാപിച്ച ട്രിബ്യൂണലിലാണ് അപേക്ഷ നൽകേണ്ടത്.
- പ്രായപൂർത്തിയായ മക്കളും പേരക്കുട്ടികളും ഈ നിയമത്തിന്റെ പരിധിയിൽ വരും.
- മക്കൾ ഇല്ലാത്ത മുതിർന്നവർ കാലശേഷം തങ്ങളുടെ വസ്തുവകകൾ പിന്തുടർച്ചാവകാശ പ്രകാരം കൈവശം ലഭിക്കുന്നവരിൽ നിന്നോ ജീവിതകാലം തങ്ങളുടെ വസ്തു കൈവശം വച്ച് ഉപയോഗിക്കുന്നവരിൽ നിന്നോ ജീവനാംശവും ക്ഷേമവും ആവശ്യപ്പെടാം.
- പരമാവധി 10,000/- രൂപ വരെ പ്രതിമാസം ജീവനാംശമായി ലഭിക്കാം.

### എവിടെ അപേക്ഷ നൽകണം ?

- അപേക്ഷകൻ താമസിക്കുന്നതോ അവസാനം താമസിച്ചതോ ആയ ജില്ലയിലെ മെയിൻറനൻസ് ട്രിബ്യൂണലിൽ (റവന്യൂ ഡിവിഷണൽ ഓഫീസിൽ) ജീവനംശത്തിനായി അപേക്ഷ നൽകാം.
- അല്ലെങ്കിൽ എതിർകക്ഷി താമസിക്കുന്ന ജില്ലയിലെ ട്രിബ്യൂണലിൽ അപേക്ഷ നൽകാം.

### സംരക്ഷണത്തിനുള്ള അപേക്ഷ

- സ്വന്തമായി അപേക്ഷ നൽകാൻ സാധിക്കാത്തവർക്ക് മറ്റേതെങ്കിലും വ്യക്തികൾ മുഖാന്തരമോ രജിസ്റ്റർ ചെയ്ത സംഘടനകൾ വഴിയോ അപേക്ഷ നൽകാം.
- ട്രിബ്യൂണലിന് സ്വമേധയായും കേസെടുക്കാം.
- ട്രിബ്യൂണലിന്റെ ഉത്തരവ് പ്രകാരം ജീവനാംശം നൽകാത്തവർക്കെതിരെ വാറന്റ് പുറപ്പെടുവിച്ച് ഒരു മാസം വരെയോ പണം അടയ്ക്കുന്നത് വരെയോ ജയിൽശിക്ഷ വിധിക്കാം.

### വസ്തു ഇടപാടുകളും അസാധുവാക്കാം

- മാതാപിതാക്കൾക്കും മുതിർന്ന പൗരന്മാർക്കും ജീവനാംശവും ക്ഷേമവും നൽകാനുള്ള നിയമത്തിലെ വകുപ്പ് 23 പ്രകാരം 24/09/2008-ന് ശേഷം തങ്ങളുടെ വ്യവസ്ഥകൾക്ക് വിധേയമായി മക്കൾക്ക്/അവകാശികൾക്ക് കൈമാറ്റിയ ക്രയവിക്രയങ്ങൾ മുതിർന്നവരുടെ അപേക്ഷ പ്രകാരം ആവശ്യമെങ്കിൽ ട്രിബ്യൂണലിന് റദ്ദാക്കാവുന്നതാണ്.

